MONDAY 18/11/2024 തിങ്കളാഴ്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : Nizam S A Editor : Dr. Binu Harriet Ivan



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 18/11/2024

1. കൃഷിവകുപ്പ് ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ പ്രസിദ്ധീകരണമായ കേരളകർഷകൻ മാസികയുടെ വരിസംഖ്യ ഇനി ഓൺലൈനായി അടയ്ക്കാം. ഒരു വർഷത്തേക്കുള്ള വരിക്കാരാകുന്നതിന് 200 രൂപ ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ വെബ് സൈറ്റ് ആയ subscription.fibkerala.gov.in വഴി വരിസംഖ്യ അടയ്ക്കാവുന്നതാണ്. വാർഷിക വരിസംഖ്യ 200 രൂപയാണ്. കൂടാതെ വിദേശത്തുള്ളവർക്കുൾപ്പെടെ കേരളകർഷകൻ ഓൺലൈൻ വരിക്കാരനാകുന്നതിനും subscription.fibkerala.gov.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക. ഓൺലൈൻ വാർഷിക വരിസംഖ്യ 100 രൂപ. കൂടുതൽ വിവരങ്ങൾക്ക് 9383470288 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

2. കേന്ദ്രകൃഷികർഷകക്ഷേമമന്ത്രാലയത്തിന്കീഴിൽ പ്രവർത്തിക്കുന്ന പ്രൊട്ടക്ഷൻ ഓഫ് പ്ലാൻറ് വെറൈറ്റീസ് ആൻഡ് ഫാർമേഴ്സ് റൈറ്റ്സ് അതോറിറ്റി2023-24 വർഷത്തെ പ്ലാൻറ് ജീനോം സേവിയർ കമ്യൂണിറ്റി അവാർഡ് /ഫാർമർ റിവാർഡ് & റെക്കഗ്നീഷന് കാർഷിക സമൂ ഹങ്ങളിൽ നിന്നും വ്യക്തിഗത കർഷകരിൽ നിന്നും നിർദ്ദി ഷ്ട മാതൃകയിൽ അപേക്ഷകൾ ക്ഷണിച്ചു. പരമ്പരാഗത സസ്യ ഇനങ്ങൾ സംരക്ഷിക്കുകയും പുതിയവ ഉരുത്തിരിച്ചെടു ക്കുകയും ചെയ്യുന്ന കർഷകർക്കും കർഷക സമൂഹത്തിനും നൽ കുന്ന രാജ്യത്തെ ഏറ്റവും വലിയ അംഗീകാരമാണിത്. മൂന്നു വിഭാ ഗങ്ങളിലാണ് അവാർഡുകൾ. പ്ലാന്റ് ജീനോം സേവിയർ കമ്യൂണിറ്റി അവാർഡ്: വിളകളുടെ പ്രാദേശിക ഇനങ്ങളും സാമ്പത്തികമൂല്യമുള്ള വിളകളുടെ വന്യ ഇന ങ്ങൾ സംരക്ഷിക്കുകയും പരിപാലിക്കുകയും നിർധാരണത്തിലൂ ടെ പുതിയവ വികസിപ്പിച്ചെടുക്കുകയും ചെയ്യുന്ന ആദിവാസി / ഗോത്ര / കർഷക സമൂഹത്തിന് 2023-24, വർഷത്തെ പ്രവർ ത്തനങ്ങൾക്കാണ് അവാർഡ്. ഓരോ

വർഷവും പരമാവധി 5 അ വാർഡ് വീതം നൽകും. 10 ലക്ഷം രൂപയും പ്രശസ്തിപത്രവും മെമെന്റോയുമാണ് അവാർഡ്. പ്ലാന്റ് ജീനോം സേവിയർ ഫാർമർ റിവാർഡ് / അംഗീകാരം. 2023-'24 വർഷത്തെ പ്രവർത്തനങ്ങൾക്ക് അപേക്ഷിക്കാം. മേൽപ്പ റഞ്ഞ പ്രവർത്തനങ്ങൾ നടത്തുന്ന വ്യക്തികൾക്കാണ് ഇതു നൽ കുന്നത്. 1.5 ലക്ഷം രൂപ ക്യാഷ് അവാർഡ് പരമാവധി 10 പേർക്കും ഒരു ലക്ഷം രൂപ സമ്മാനത്തുക ഉൾപ്പെട്ട അംഗീകാരം 20 പേർക്കും നൽകും. അപേക്ഷാഫോറം www.plantauthority.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

അവസാന തീയതി 2025 ജനുവരി 15.

3. നാളികേര വികസന ബോർഡിന്റെ നേര്യമംഗലം വിത്തുൽപാദന പ്രദർശന തോട്ടത്തിൽ കുറ്റ്യാടി തെങ്ങിൻ തൈകൾ 100 രൂപ നിരക്കിലും, കുറിയ ഇനങ്ങൾ 110 രൂപ നിരക്കിലും, സങ്കര ഇനങ്ങൾ 250 രൂപ നിരക്കിലും വിതരണം ചെയ്യുന്നു. ആവശ്യമുള്ള കർഷകർക്കും, കൃഷി ഓഫീസർമാർക്കും ഫാമിലെത്തി തൈകൾ നേരിട്ട് വാങ്ങാം. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 8 മുതൽ വൈകീട്ട് 5 മണി വരെ 0485 2554240 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക. .

4. പെരുവണ്ണാമൂഴി കൃഷി വിജ്ഞാന കേന്ദ്രത്തിൽ നവംബർ 19 നു ചിപ്പിക്കൂൺ കൃഷിയിലും നവമ്പർ 20 നു പോഷകത്തോട്ടം നിർമാണത്തിലും നവമ്പർ 21 നു അലങ്കാര മൽസ്യ കൃഷി പ്രജനനവും പരിപാലനവും എന്ന വിഷയത്തിൽ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 04962966041

5. കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള മണ്ണുത്തി യൂണിവേഴ്സിറ്റി ലൈവ്സ്റ്റോക്ക് ഫാമിന്റെ ആഭിമുഖ്യത്തിൽ ഒരു വർഷത്തെ സ്റ്റൈപ്പന്റോടു കൂടിയ പരിശീലനപരിപാടിയായ 'ഫോഡർ ക്രോപ്പ് ഡെവലപ്പ്മെന്റ് ആർമി

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2025' വർഷത്തേക്കുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകർ തൃശൂർ ജില്ലയിൽ സ്ഥിരതാമസമുള്ളവരും 18-60 വയസ്സിനിടയിൽ പ്രായമുള്ളവരും ആയിരിക്കണം. നല്ല കായികക്ഷമതയുള്ള സ്ത്രീ-പുരുഷന്മാർക്ക് അപേക്ഷിക്കാം. തെരഞ്ഞെടുക്കപ്പെടുന്ന പരിശീലനാർത്ഥികൾ 5850 രൂപ ഒറ്റത്തവണഫീസായി ആദ്യം അടയ്ക്കേണ്ടതാണ്. ഇവർക്ക് മാസം തോറും 7500 രൂപയാണ് സ്റ്റൈപ്പന്റ്. അവസാന തിയ്യതി 2024 നവംബർ 28. അപേക്ഷാഫോറം സർവ്വകലാശാല വെബ്സൈറ്റിൽ നിന്നോ അല്ലെങ്കിൽ യൂണിവേഴ്സിറ്റി ലൈവ്സ്റ്റോക്ക് ഫാം ഓഫീസ്, മണ്ണുത്തിയിൽ നിന്നോ നവംബർ 28 വരെ ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് www.kvasu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. അല്ലെങ്കിൽ 0487-2370302, 9526862274 എന്ന നമ്പറുകളിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടി

6. കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപന വിഭാഗത്തിനു കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തിയിൽ **'ശുദ്ധജല മത്സ്യകൃഷി'**(തിലാപ്പിയ,വരാൽ) എന്ന വിഷയത്തിൽ 28.11.24-ന് പരിശീലനം സംഘടിപ്പിക്കും. 550/- രൂപയാണ് ഫീസ്. പങ്കെടുക്കാനാഗ്രഹിക്കുന്നവർ ഓഫീസ് സമയങ്ങളിൽ 0487 2370773എന്ന ഫോൺ നമ്പറിൽ 26.11.2024, ന് മുമ്പായി ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം